**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3833** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഓരോ മണ്ഡലത്തിലും ഒരു സ്കിൽ കോഴ്സ് ആരംഭിക്കാൻ പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | 2022 -23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ ( കെ-ഡിസ്ക്) മായി സഹകരിച്ച് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ ഒരു സ്കിൽ കോഴ്സ് ആരംഭിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | തൊഴിലന്വേഷകർക്ക് പൊതുവിലും വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും വിജ്ഞാനാധിഷ്ഠിതമായ തൊഴിൽ നൈപുണ്യം ലഭ്യമാക്കുക എന്നതാണ് ഓരോ നിയോജകമണ്ഡലത്തിലും കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലുമായി (കെ-ഡിസ്ക്) സഹകരിച്ച് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ ആരംഭിക്കുന്ന ഒരു സ്കിൽ കോഴ്സ് പദ്ധതിയുടെ ലക്ഷ്യം. ഇതിനുവേണ്ടി വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും കോഴ്സുകൾക്ക് അനുസൃതമായി ആവശ്യമെങ്കിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.<br><br>പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപന മേധാവികളും ഉന്നത അധികാരികളുമായി കൂടിക്കാഴ്ചകൾ നടത്തുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിലെ സൗകര്യങ്ങൾക്ക് ആസ്പദമായുള്ള സ്കിൽ കോഴ്സുകൾക്കുള്ള പ്രൊപ്പോസലുകളും, മറ്റ് സ്കിൽ കോഴ്സുകളുടെ അധികസൗകര്യങ്ങൾക്ക് വേണ്ടിയുള്ള പ്രൊപ്പോസലുകളും തയ്യാറാക്കി വരുന്നു.<br><br>ചർച്ചകൾ നടത്തി കലാലയങ്ങളുടെ പദ്ധതി മുന്നൊരുക്കം വിലയിരുത്തിയിട്ടുണ്ട്. വിവിധ കലാലയങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾക്ക് അനുസരിച്ച നടത്താൻ സാധിക്കുന്ന നൈപുണ്യ പരിശീലന പരിപാടികൾ കണ്ടെത്തിയിട്ടുണ്ട്.<br><br>വിജ്ഞാനാധിഷ്ഠിത മേഖലകളിലെ പുതിയ തൊഴിൽ സാദ്ധ്യതകളും നൈപുണ്യ ആവശ്യങ്ങളും കണ്ടെത്താനായി വിവിധ വ്യവസായ |

| | | | |
|---|---|---|---|
| | | | സംഘടനകളുടെയും നൈപുണ്യപരിശീലന ദാതാക്കളുടെയും സഹായത്തോടെ നടത്തിയ ശില്പശാലകൾ വഴി 11 നൈപുണ്യ പരിശീലന മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. ഈ മേഖലകളിൽ വ്യവസായ പങ്കാളികളുടെ സഹായത്തോടെ അനുയോജ്യമായ നൈപുണ്യ പരിശീലന പരിപാടികൾക്ക് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഓരോ നിയോജകമണ്ഡലത്തിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉണ്ട്, ഓരോ നിയോജക മണ്ഡലത്തിലെയും വിദ്യാഭ്യാസ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് താത്പര്യപത്രം ക്ഷണിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ